## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.753  11.06.2014-ൽ മറുപടിക്ക്**

### ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജി. സുധാകരൻ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരുടെ അനുവദനീയമായ തസ്തികകൾ എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴിവുകൾ എത്ര; വിശദമാക്കാമോ; | (എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ 25 ആണ്. ഇതിൽ 24 ഡോക്ടർമാർ ജോലി ചെയ്യുന്നു. ഡെപ്യൂട്ടി സൂപ്രണ്ടിന്റെ തസ്തികയിൽ ഒഴിവുണ്ട്. |
| (ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഡോക്ടർമാരുടെ കുറവുമൂലം ശസ്ത്രക്രീയകൾ മാറ്റി വച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) ഡോക്ടർമാരുടെ കുറവുമൂലം ശസ്ത്രക്രിയകൾ മുടങ്ങിയിട്ടില്ല. |
| (ഡി) വൈദ്യുതി നിലച്ചതുമൂലം മെഴുകുതിരി വെളിച്ചത്തിൽ ഇവിടെ ശസ്ത്രക്രിയകൾ നടത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (ഡി) & (ഇ) വൈദ്യുതി നിലച്ചതുമൂലം മെഴുകുതിരി വെളിച്ചത്തിൽ ഈ ആശുപത്രിയിൽ ശസ്ത്രക്രിയകൾ നടത്തിയിട്ടില്ല. ആശുപത്രിയിൽ ജനറേറ്റർ കൂടാതെ ഓപ്പറേഷൻ തിയേറ്ററിൽ ഇൻവെർട്ടർ കൂടിയുണ്ട്. |
| (ഇ) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ